132 (2445) പ്രവാസി കേരളീയ ഏജൻസി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ ക്ഷേമ ഏജൻസി പ്രവർത്തനം ആരംഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഏജൻസിയുടെ (നോർക്ക) പ്രവർത്തനത്തിനായി നടപ്പ് സാമ്പത്തികവർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ഇതുവരെയായി പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികൾ നോർക്ക മുഖേന നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രവാസി കേരളീയ ക്ഷേമ ഏജൻസി (നോർക്ക) മുഖേന ഇനിയും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 20.07.1998-ൽ.

(ബി) നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഏജൻസി (നോർക്ക)ക്ക് ഗ്രാന്റ് ഇൻ എയ്ഡായി അഞ്ച് ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

(സി) പ്രവാസി കേരളീയരുടെ പുനരധിവാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവാസി സംഗമങ്ങൾ സംഘടിപ്പിക്കുകയും പ്രവാസി സംഘങ്ങൾ രൂപീകരിക്കയും ചെയ്തിട്ടുണ്ട്. പ്രവാസി മലയാളികളുടെ പങ്കാളിത്തത്തോടെ രൂപപ്പെട്ടുവരുന്ന സ്വാഭാവിക മുൻഗണനാ മേഖലകൾ കണ്ടെത്താനും പ്രവാസികളുടെ നിക്ഷേപം സൃഷ്ടിപരമായ മേഖലകളിൽ എത്തിക്കാനും തിരിച്ചെത്തുന്ന വിദേശ മലയാളികളെ പുനരധിവസിപ്പിക്കാനും പ്രവാസി സംഘങ്ങളെന്ന സ്വാശ്രയ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രവാസി കേരളീയർക്കായി ഒരു പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യം ഏജൻസിയുടെ പരിഗണനയിലാണ്. ഇപ്പോൾ പ്രവാസി സംഘങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത ആറു ജില്ലകളിൽ കൂടി സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. വിദേശ രാജ്യങ്ങളിലെ തൊഴിൽ മേഖലകളിലെ വികസന പ്രക്രിയ വിശകലനം ചെയ്ത് അവിടെ തൊഴിൽ തേടുന്ന കേരളീയരുടെ തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിന് ഒരു പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

133 (2446) വിദേശ മലയാളികൾക്ക് ക്ഷേമപദ്ധതികൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് വിവിധ ജോലികളിൽ എത്ര കേരളീയർ ഏർപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം രാജ്യങ്ങളിൽ ഏത്രപേർ വീതം ജോലി ചെയ്തുവ രുന്നുണ്ട്;

(സി) പ്രവാസി മലയാളികൾക്ക് പെൻഷനും ക്ഷേമ പദ്ധതികളും നടപ്പിലാക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം ക്ഷേമ പദ്ധതികൾ എന്നത്തേക്ക് നടപ്പിലാ ക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ)&(ബി)എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് കേരള ത്തിൽ നടത്തിയ സാമ്പിൾ സർവ്വേയുടെ അടിസ്ഥാനത്തിൽ വിദേശത്ത് 11.41 ലക്ഷം കേരളീയർ ജോലി ചെയ്യുന്നതായി കണക്കാക്കുന്നു. ഇതിൽ ഓരോ രാജ്യത്തെയും കണക്ക് താഴെകൊടുക്കുന്നു:

സൗദി അറേബ്യ	-	4.13 ലക്ഷം
യു.എ.ഇ.	-	4.10 ലക്ഷം
കുവൈറ്റ്	-	0.53 ലക്ഷം
മറ്റ് ഗൾഫ് രാജ്യങ്ങൾ	-	2.10 ലക്ഷം
യു.എസ്.എ.	-	0.17 ലക്ഷം
യു.കെ.	-	0.03 ലക്ഷം
അമേരിക്കൻ ഭൂഖണ്ഡത്തിലെ-		0.11 ലക്ഷം
രാജ്യങ്ങൾ	-	
ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ -		0.04 ലക്ഷം
രാജ്യങ്ങൾ		
മറ്റ് ഏഷ്യൻ രാജ്യങ്ങൾ	-	0.14 ലക്ഷം
ആസ്ട്രേലിയൻ രാജ്യങ്ങൾ	-	0.01 ലക്ഷം
മറ്റ് യൂറോപ്യൻ രാജ്യങ്ങൾ	-	0.05 ലക്ഷം

(സി)&(ഡി) പ്രവാസി കേരളീയർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യം പ്രവാസി കേരളീയ ക്ഷേമ ഏജൻസിയുടെ പരിഗണനയിലാണ്. പ്രവാസി നഴ്സുമാർക്കായി ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കു ന്നുണ്ട്. കഴിയുന്നതും വേഗം ഈ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

134 (2447) വിദേശ മലയാളികളുടെ പ്രശ്നങ്ങൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളി സംഘടനകൾ വിദേശ മലയാളി നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവണ്മെന്റിന് നിവേദനങ്ങൾ നൽകിയി ട്ടുണ്ടോ;

(ബി) എങ്കിൽ അതിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടു ള്ളത്;

LIBRARY ARCHIVES Kerala Legislative Assembly